സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി

മഹിളാവീഥി

മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യാന്ന പ്രമദിതവ്യം

PEOPLE REVIEW

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ

പ്രവാസി റിവ്യൂ


മാഗസിൻ

2023 ജൂൺ 28 ബുധൻ

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ



## കരിപ്പൂരിൽ റൺവേ നീളം കുറയ്ക്കുമെന്ന മുന്നറിയിപ്പുമായി വ്യോമയാന മന്ത്രി

ന്യൂഡൽഹി: കരിപ്പൂരിൽ കൂടുതൽ സ്ഥലം അനുവദിച്ചില്ലെങ്കിൽ റൺവേയുടെ നീളം കുറയ്ക്കുമെന്ന വ്യോമയാന മന്ത്രി ജ്യോതിരാദിത്യ സിന്ധ്യയുടെ മുന്നറിയിപ്പ്. ഭൂമി ഏറ്റെടുത്തു നൽകുന്നതിൽ സർക്കാർ വീഴ്ച വരുത്തി. ഉടൻ ഭൂമി കൈമാറണം എന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. റൺവേയുടെ ഇരുവശങ്ങളിലുമുള്ള സുരക്ഷാ മേഖലയ്ക്കു വേണ്ടിയുള്ള ഭൂമി കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ട് ഇതുവരെ കേരള സർക്കാർ ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റിക്ക് നൽകിയിട്ടില്ലെന്ന് വ്യോമയാന മന്ത്രി കത്തിൽ പറയുന്നു. എയർപോർട്ട് അതോറിറ്റിക്കു വേണ്ടി ഇരുവശങ്ങളിലുമുള്ള ഭൂമി സൗജന്യമായി ഏറ്റെടുത്ത് നിരപ്പാക്കി നൽകാമെന്നാണു നേരത്തെ സംസ്ഥാന സർക്കാർ അറിയിച്ചിരുന്നു. 2020ൽ കരിപ്പൂർ വിമാനത്താവളത്തിലുണ്ടായ വിമാന അപകടത്തിന് പിന്നാലെ രൂപീകരിച്ച വിദഗ്ദ സമിതിയാണ് താവളത്തിന്റെ ഇരുവശങ്ങളിലും സുരക്ഷാ മേഖല വേണമെന്ന നിർദേശം നൽകിയത്. തുടർന്ന് 2022 മുതൽ പല തവണ സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാർ കത്തയച്ചിരുന്നുവെന്നും കേന്ദ്ര മന്ത്രി കത്തിൽ പറയുന്നു.

## കല്ല്യാണ വീട്ടിൽ വിവാഹത്തലേന്ന് കൈയ്യാങ്കളി

# വധുവിന്റെ അച്ഛനെ അടിച്ചുകൊന്നു; അയൽവാസികൾ പിടിയിൽ

വർക്കല: വിവാഹത്തലേന്ന് വധുവിന്റെ വീട്ടിലുണ്ടായ കൈയ്യാങ്കളിയിൽ ഗൃഹനാഥൻ കൊല്ലപ്പെട്ടു. വധുവിന്റെ അച്ഛനായ കല്ലമ്പലം വടശ്ശേരിക്കോണം സ്വദേശി രാജുവാണ് (61) കൊല്ലപ്പെട്ടത്. മകൾ ശ്രീലക്ഷ്മിയുടെ മുൻ സുഹൃത്ത് ജിഷ്ണുവും സഹോദരനും സുഹൃത്തുക്കളും ചേർന്നാണ് കൊലപാതകം നടത്തിയത്. സംഭവത്തിൽ നാലുപേരെ പോലിസ് കസ്റ്റഡിയിലെടുത്തു. ശ്രീലക്ഷ്മിയുടെ വിവാഹം ഇന്ന് വർക്കല ശിവഗിരിയിൽ വച്ച് നടക്കാനിരിക്കെയാണ് വിവാഹത്തലേന്ന് നാലംഗ സംഘം വീട്ടിലെത്തി പ്രശ്നമുണ്ടാക്കിയത്. വടശ്ശേരിക്കോണം സ്വദേശികളായ ജിഷ്ണു, ജിജിൻ , ശ്യം, മനു എന്നിവരുൾപ്പെട്ട നാലുപേരെയാണ് വർക്കല പോലിസ് കസ്റ്റഡിയിലെടുത്തത്. വിവാഹ തലേദിവസമായ ഇന്നലെ രാത്രി ഏകദേശം ഒരു മണിയോടുകൂടി പെൺകുട്ടിയുടെ സുഹൃത്തായിരുന്ന ജിഷ്ണു, സഹോദരൻ ജിജിൻ എന്നിവരുൾപ്പെട്ട നാലംഗ സംഘമാണ് വിവാഹ വീട്ടിൽ എത്തി ബഹളം വെച്ചത്. വിവാഹതലേന്നത്തെ ആഘോഷ പാർട്ടി തീർന്നതിനു പിന്നാലെയാണ് സംഘം എത്തിയത്. കാറിൽ ഉച്ചത്തിൽ പാട്ട് വെച്ച് ആദ്യം ബഹളം ഉണ്ടാക്കി. ബഹളവും വാക്കേറ്റവും മർദനത്തിലും കൊലപാതകത്തിലും കലാശിക്കുകയായിരുന്നു. തർക്കത്തിനിടെ രാജുവിനെ മൺവെട്ടികൊണ്ട് അടിക്കുകയും കത്തികൊണ്ട് കുത്തുകയുമായിരുന്നു. ഓടി രക്ഷപ്പെടാൻ ശ്രമിച്ച നാലംഗ സംഘത്തെ നാട്ടുകാർ ചേർന്ന് പിടികൂടുകയായിരുന്നു. മരിച്ച രാജു ഓട്ടോ ഡ്രൈവറാണ്. പെൺകുട്ടിയും ജിഷ്ണുവും നേരത്തെ പ്രണയത്തിലായിരുന്നുവെന്നും ബന്ധത്തിൽ നിന്ന് പിന്മാറിയതാണ് കൊലപാതകത്തിന് പ്രേരണയായതെന്നുമാണ് പോലിസ് പറയുന്നത്. പ്രതികളെ ചോദ്യം ചെയ്തു വരികയാണെന്ന് പോലിസ് അറിയിച്ചു.



കൊല്ലപ്പെട്ട രാജു



അറസ്റ്റിലായ പ്രതികൾ

# സംസ്ഥാനത്ത് മെയ് വരെ 1.4 ലക്ഷത്തോളം തെരുവുനായ ആക്രമണ കേസുകൾ

തിരുവനന്തപുരം: തെരുവനായ്ക്കളുടെ ശല്യം സുപ്രീം കോടതിവരെ എത്തിനിൽക്കുകയാണ്. സംസ്ഥാന സർക്കാരിന് കഴിയുന്നത് ചെയ്യുമെന്ന് മന്ത്രി എം.ബി രാജേഷും അറിയിച്ചു. തെരുവുനായ്ക്കളുടെ ദയാവധത്തിന് അനുമതി തേടി കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ജൂലൈ ഏഴിനകം നിലപാട് അറിയിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും ബന്ധപ്പെട്ട സംഘടനകൾക്കും സുപ്രീം കോടതി നോട്ടീസ് അയച്ചിട്ടുമുണ്ട്. ഈ കേസ് ജൂലൈ 12ന് സുപ്രീം കോടതി പരിഗണിക്കുകയും ചെയ്യും. അപകടകാരികളായ നായ്ക്കളെ ദയാവധം ചെയ്യുന്ന കാര്യത്തിലും വാദം സുപ്രീംകോടതി കേൾക്കുന്നുണ്ട്. പ്രധാനമായും സംസ്ഥാനത്ത് നടന്ന രണ്ട് സംഭവങ്ങൾ ചൂണ്ടിക്കാട്ടിയായിരുന്നു സുപ്രീം കോടതിയിൽ ഹർജി സമർപ്പിക്കപ്പെട്ടത്. ജൂൺ 11ന് കണ്ണൂർ മുഴപ്പിലങ്ങാട് 10 വയസുകാരൻ നിഹാലിനെ തെരുവുനായ കടിച്ചുകീറി കൊന്നതും 19ന് ജാൻവി എന്ന പെൺകുട്ടിക്ക് ഗുരുതരമായി പരുക്കേറ്റതും കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. രണ്ടു സംഭവങ്ങളും ദൗർഭാഗ്യകരമാണെന്ന് ജസ്റ്റിസുമാരായ സൂര്യകാന്ത്, എം.എം. സുന്ദരേഷ് എന്നിവരടങ്ങിയ അവധിക്കാല ബെഞ്ച് നിരീക്ഷിക്കുകയും ചെയ്തിരുന്നു.



## ഏക സിവിൽ കോഡിനെ ശക്തിയുക്തം എതിർക്കും: മുസ്‌ലിം ലീഗ്


മലപ്പുറം: ഏക സിവിൽ കോഡിനെ ശക്തിയുക്തം എതിർക്കുമെന്ന് മുസ്‌ലിം ലീഗ് നേതാക്കൾ. ഏക സിവിൽ കോഡിനെ രാഷ്ട്രീയമായും നിയമപരമായും നേരിടും. നടപ്പാക്കിയാൽ പ്രത്യാഘാതം വലുതായിരിക്കുമെന്നും നേതാക്കൾ മുന്നറിയിപ്പ് നൽക്കുന്നു. ഇന്ത്യൻ സാഹചര്യത്തിൽ ഒരിക്കലും ഏക സിവിൽ കോഡ് നടപ്പിലാക്കാൻ പറ്റില്ല. യഥാർത്ഥ പ്രശ്നത്തിൽ നിന്നും ശ്രദ്ധ തിരിക്കാനാണ് കേന്ദ്രത്തിന്റെ ശ്രമമെന്നും പ്രതിപക്ഷ ഐക്യം പ്രധാനമന്ത്രി ഭയപ്പെടുന്നുവെന്നും മുസ്‌ലിം ലീഗ് കുറ്റപ്പെടുത്തി. ബി.ജെ.പി തെരഞ്ഞെടുപ്പ് കാലത്ത് അജണ്ട സെറ്റ് ചെയ്യുന്നുവെന്ന് വിമർശിച്ച മുസ്‌ലിം ലീഗ്, ഏക സിവിൽ കോഡിനെ രാഷ്ട്രീയമായും നിയമപരമായും നേരിടുമെന്ന് വ്യക്തമാക്കി.



കൂടുതൽ തീരുമാനങ്ങൾ 30ന് ചേരുന്ന ദേശീയ എക്സിക്യൂട്ടീവ് യോഗത്തിൽ തീരുമാനിക്കുമെന്ന് പി.കെ കുഞ്ഞാലിക്കുട്ടി അറിയിച്ചു.ഏക സിവിൽ കോഡിലേക്ക് രാജ്യം നീങ്ങുമെന്ന ശക്തമായ സൂചന പ്രധാനമന്ത്രി നൽകിയതിന് പിന്നാലെ കടുത്ത എതിർപ്പുമായി മുസ്‌ലിം വ്യക്തി നിയമ ബോർഡും രംഗത്തെത്തി. നിയമകമ്മീഷന് മുന്നിൽ വിയോജിപ്പ് അറിയിക്കാൻ ബോർഡിന്റെ അടിയന്തിര യോഗം തീരുമാനിച്ചു.

നിലപാട് വ്യക്തമാക്കി വിശദമായ രേഖ നിയമ കമ്മീഷന് സമർപ്പിക്കും. വരുന്ന 14 വരെയാണ് നിയമ കമ്മീഷൻ പൊതുജനങ്ങളുടെയും സംഘടനകളുടെയും അഭിപ്രായം കേൾക്കുന്നത്. സിവിൽ കോഡുമായി ബന്ധപ്പെട്ട് മുൻപ് ഉയർന്ന ചർച്ചകളിലും മുസ്‌ലിം വ്യക്തി നിയമ ബോർഡ് കടുത്ത വിയോജിപ്പ് അറിയിച്ചിരുന്നു.

## വ്യാജ ബിരുദ സർട്ടിഫിക്കറ്റ്: കെ.എസ്.യു നേതാവ് അൻസിൽ ജലീലിനെ ചോദ്യം ചെയ്ത് വിട്ടയച്ചു



തിരുവനന്തപുരം: കെ.എസ്.യു സംസ്ഥാന കൺവീനർ അൻസിൽ ജലീലിനെ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് കേസിൽ ചോദ്യം ചെയ്ത് വിട്ടയച്ചു. പ്രചരിക്കുന്ന ബിരുദ സർട്ടിഫിക്കറ്റ് താൻ നിർമിച്ചതല്ലെന്നാണ് പോലിസിന് അൻസിൽ ജലീൽ നൽകിയ മൊഴി. തിരുവനന്തപുരം കന്റോൺമെന്റ് എ.സി.പിയുടെ നേതൃത്വത്തിൽ നടത്തിയ ചോദ്യം ചെയ്യൽ മൂന്ന് മണിക്കൂറോളം നീണ്ടു.

ഇദ്ദേഹത്തോട് ജൂലൈ ഏഴിന് വീണ്ടും ചോദ്യം ചെയ്യലിന് ഹാജരാകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഹാജരാകുമ്പോൾ എസ്.എസ്.എൽ.സി, പ്ലസ് ടു സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അഭിഭാഷകനൊപ്പമാണ് അൻസിൽ ജലീൽ കന്റോൺമെന്റ് പോലിസ് സ്റ്റേഷനിലെത്തിയത്. കേസിൽ രണ്ട് ആഴ്ചത്തേക്ക് അൻസിലിന് ഹൈക്കോടതി ഇടക്കാല ജാമ്യം അനുവദിച്ചിരുന്നു. ചോദ്യം ചെയ്യലിന് ശേഷം അറസ്റ്റ് രേഖപ്പെടുത്തിയാൽ ഇന്ന് തന്നെ ജാമ്യത്തിൽ വിടണമെന്ന് കോടതി നിർദേശം നൽകിയതാണ്. എന്നാൽ അറസ്റ്റ് രേഖപ്പെടുത്താതെയാണ് അൻസിൽ ജലീലിനെ വിട്ടയച്ചത്. കേരള സർവകലാശാല രജിസ്ട്രാറാണ് അൻസിലിന്റെ സർട്ടിഫിക്കറ്റമായി ബന്ധപ്പെട്ട് കന്റോൺമെന്റ് പോലിസിൽ പരാതി നൽകിയത്. കായംകുളത്തെ മുൻ എസ്.എഫ്.ഐ നേതാവ് നിഖിൽ തോമസിന്റെ വ്യാജ സർട്ടിഫിക്കറ്റ് വിവാദത്തിനൊപ്പമാണ് അൻസിൽ ജലീലിന്റെ സർട്ടിഫിക്കറ്റ് വിവാദം ചർച്ചയായത്. എന്നാൽ, ഈ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് എന്തെങ്കിലും നേട്ടമുണ്ടാക്കിയതായി വെളിവായിട്ടില്ലെന്നായിരുന്നു മുൻകൂർ ജാമ്യഹർജി പരിഗണിച്ചപ്പോൾ ഹൈക്കോടതി ചൂണ്ടിക്കാട്ടിയത്. ഏതെങ്കിലും സമിതിക്ക് മുന്നിൽ ഇത് സമർപ്പിച്ചതായി അറിവില്ലെന്നും കോടതി നിരീക്ഷിച്ചു.

## മണിപ്പൂർ സന്ദർശനത്തിൽ നിന്നും പിന്നോട്ടേക്കില്ല: രാഹുൽ ഗാന്ധി

ന്യൂഡൽഹി: കലാപാന്തരീക്ഷം നിലനിൽക്കുന്ന മണിപ്പൂർ സന്ദർശനത്തിൽ നിന്നും പിന്നോട്ടേക്കില്ലെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. പാറ്റ്നയിൽ ചേർന്ന പ്രതിപക്ഷ പാർട്ടികളുടെ യോഗത്തിൽ മണിപ്പൂർ വിഷയം പ്രാധാന്യത്തോടെ ഉയർന്ന് വന്നിരുന്നു. ഇതിന് പിന്നാലെയാണ് രാഹുൽ ഗാന്ധി കലാപ ബാധിത മേഖല സന്ദർശിക്കുമെന്ന് പ്രഖ്യാപിച്ചത്. രണ്ട് ദിവസത്തെ സന്ദർശനമാണ് പ്രഖ്യാപിച്ചിരിക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇതുവരെ മണിപ്പൂർ സന്ദർശിച്ചിട്ടില്ല. വിമർശിക്കുന്നവർ ആദ്യം മണിപ്പൂരിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. പ്രധാനമന്ത്രി ശ്രദ്ധ തിരിക്കാൻ നോക്കുകയാണെന്ന് കോൺഗ്രസ് ആരോപിച്ചു. മണിപ്പൂർ കലാപം പ്രതിരോധിക്കുന്നതിൽ പ്രധാനമന്ത്രിയും കേന്ദ്രസർക്കാരും പരാജയപ്പെട്ടെന്ന വിമർശനം പ്രതിപക്ഷം കടുപ്പിച്ചിരിക്കുകയാണ്. അമിത് ഷായാണ് മേഖലയിലെ സമാധാന ശ്രമങ്ങൾക്ക് നേതൃത്വം നൽകുന്നത്. കലാപം രൂക്ഷമായ ബിഷ്ണുപൂർ, സുഗ്നു മേഖലകളിൽ തീവ്രവാദ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് വിവരം. കലാപത്തിനിടെ പിടിയിലായവരിൽ ചിലർ കെ.വൈ.കെ.എൽ, യു.എൻ.എൽ.എഫ് സംഘാംഗങ്ങൾ ആണെന്നാണ് വിവരം. ജൂൺ 29, 30 തീയതികളിലാണ് രാഹുൽ ഗാന്ധി മണിപ്പൂർ സന്ദർശനം നിശ്ചയിച്ചിരിക്കുന്നത്.

# യുവതിക്ക് പിന്നാലെ വടിവാളുമായോടി യുവാവ്; നാട്ടുകാർ ഇടപെട്ട് യുവതിയെ രക്ഷിച്ചു

പൂനെ: യുവതിക്ക് പിന്നാലെ വിടവാളുമായോടി യുവാവ്. ശാന്തനു ലക്ഷ്മൺ ജാദവ് എന്നയാളാണു ഇരുപതുകാരിയായ പ്രീതി രാമചന്ദ്രയെ ആക്രമിച്ചത്. സ്കൂട്ടറിൽ മറ്റൊരാളോടൊപ്പം വരികയായിരുന്ന യുവതിയ തടഞ്ഞു നിർത്തുകയും കൂടെയുണ്ടായിരുന്നയാളേയും യുവതിയെയും വടിവാൾ ഉപയോഗിച്ച് ആക്രമിക്കുകയുമായിരുന്നു, യുവതി ഓടുകയും കൈയ്യിൽ വാളുമായി അക്രമി യുവതിയുടെ പിന്നാലെ ഓടുകയുമായിരുന്നു.

സംഭവത്തിന്റെ സി.സി.ടി.വി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. സമീപത്തുണ്ടായിരുന്നവർ ഇടപെട്ടതിനാൽ യുവതിയുടെ ജീവൻ രക്ഷിക്കാനായി. യുവാവിനുനേരെ മറ്റുള്ളവർ വസ്തുക്കൾ വലിച്ചെറിഞ്ഞ് പ്രതിരോധിക്കുകയും തുടർന്നു പിടികൂടി പോലിസിൽ ഏൽപ്പിക്കുകയും ചെയ്തു. പെൺകുട്ടിയെ ശല്യം ചെയ്തിരുന്നയാളാണ് ശാന്തനുവെന്നാണ് വിവരം. ഇയാൾക്കെതിരേ കൊലപാതകശ്രമത്തിന് കേസെടുത്തിട്ടുണ്ട്.




യുവതിക്ക് പിന്നാലെ വടിവാളുമായോടുന്ന യുവാവിന്റെ സി.സി.ടി.വി ദൃശ്യം

# പ്രമേഹം നിയന്ത്രിക്കാൻ ഈ അഞ്ച് ഭക്ഷണങ്ങൾ

ഡയബറ്റിസ് മെലിറ്റസ് എന്നും അറിയപ്പെടുന്ന പ്രമേഹം, വളരെക്കാലം നീണ്ടുനിൽക്കുന്ന രക്തത്തിലെ പഞ്ചസാരയുടെ ഉയർന്ന അളവ് (ഹൈപ്പർ ഗ്ലൈസീമിയ) എന്ന അവസ്ഥയാണ്. സാധാരണ ഗതിയിൽ ഷുഗർ എന്ന് അറിയപ്പെടുന്ന ഇത് ശരീരത്തിലെ ഒട്ടുമിക്ക പ്രവർത്തനങ്ങളെയും ബാധിക്കുന്ന ഒരു ഗുരുതരമായ രോഗമാണ്. രക്തത്തിലെ പഞ്ചസാരയെ നിയന്ത്രിക്കാൻ സഹായിക്കുന്ന ഇൻസുലിൻ എന്ന ഹോർമോണുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴാണ് ഇത് സംഭവിക്കുന്നത്. പ്രമേഹം നിയന്ത്രിക്കാൻ ശരിയായ ഭക്ഷണക്രമവും ഡോക്ടറുടെ നിർദേശവും ആവശ്യമാണെങ്കിലും, ശരീരഭാരം നിയന്ത്രിക്കുക, പതിവായി വ്യായാമം ചെയ്യുക തുടങ്ങിയ ജീവിതശൈലി മാറ്റങ്ങൾ പ്രമേഹത്തെ നിയന്ത്രിക്കാൻ സഹായിക്കും. പ്രമേഹം നിയന്ത്രിക്കാൻ ഈ അഞ്ച് ഭക്ഷണങ്ങൾ കഴിക്കാം. എന്നാൽ ഈ ഭക്ഷണങ്ങളൊന്നും പ്രമേഹ മരുന്നിനോ ചികിത്സകൾക്കോ പകരമല്ല എന്ന് ഓർക്കുക.




**പ്രമേഹത്തിന്റെ അളവ് നിയന്ത്രിക്കാൻ സഹായിക്കുന്ന 5 ഭക്ഷണങ്ങൾ:**

**1. നെല്ലിക്ക:** മെറ്റബോളിസത്തെ നിയന്ത്രിക്കുന്ന ക്രോമിയം എന്ന ധാതു ശരീരത്തെ ഇൻസുലിനോട് കൂടുതൽ പ്രതികരിക്കുകയും സഹായിക്കുന്നു. ഇത് രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രണത്തിലാക്കുന്നു. രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ സഹായിക്കുന്ന നാരുകളും വിറ്റാമിൻ സിയും നെല്ലിക്കയിൽ അടങ്ങിയിട്ടുണ്ട്. ഇൻസുലിൻ ഉൽപ്പാദനം വർധിപ്പിക്കുന്നതിന് ഇത് പാൻക്രിയാസിന്റെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു,

**2. വേപ്പില:** ഗ്ലൂക്കോസിഡേസ് പോലുള്ള കുടലിലുള്ള പ്രധാന എൻസൈമുകളെ തടയുന്നതിലൂടെയും വേപ്പ് ഗ്ലൂക്കോസ് ആഗിരണം കുറയ്ക്കും. വേപ്പ് ഇൻസുലിൻ സംവേദനക്ഷമതയും മെച്ചപ്പെടുത്തുന്നു, ഇത് മികച്ച ഗ്ലൂക്കോസ് നിയന്ത്രണത്തിന് സഹായിക്കുന്നു. വേപ്പ് ജ്യൂസാക്കി കുടിക്കാവുന്നതാണ്.

**3. ഞാവൽ പഴം:** രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ സഹായിക്കുന്ന ജാംബോളിൻ എന്ന സംയുക്തം അടങ്ങിയ ഒരു പഴമാണ് ഞാവൽ. കുറഞ്ഞ ഗ്ലൈസെമിക് അടങ്ങിയ ഫലമായ ഞാവൽ പഴം, രക്തത്തിലെ പഞ്ചസാരയുടെ പെട്ടെന്നുള്ള വർദ്ധനവിനെ തടയുകയും ഇൻസുലിൻ പ്രവർത്തനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു,'

**4. കയ്പക്ക:** ശരീരത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കുന്നതിന് കയ്പക്ക് സാധിക്കുന്നു. ഇത് ഊർജ്ജത്തിനായി കോശങ്ങളിലേക്ക് ഗ്ലൂക്കോസിനെ എത്തിക്കാൻ സഹായിക്കുന്നു. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കുറയ്ക്കുകയും ഇൻസുലിൻ പോല പ്രവർത്തിക്കുന്ന ചരാന്റിൻ, പോളിപെപ്റ്റൈഡ്-പി തുടങ്ങിയ പ്രമേഹ വിരുദ്ധ പദാർത്ഥങ്ങൾ കയ്പക്കയിൽ അടങ്ങിയിട്ടുണ്ട്.

**5. ഫ്ളാക്സ് സീഡുകൾ:** നാരുകൾ, ഒമേഗ-3 ഫാറ്റി ആസിഡുകൾ എന്നിവയുടെ നല്ല ഉറവിടമാണ് ഫ്ളാക്സ് സീഡുകൾ. രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനും ഇൻസുലിൻ സംവേദനക്ഷമത മെച്ചപ്പെടുത്താനും അവ സഹായിച്ചേക്കാം.

## രാഹുൽ ഗാന്ധിക്കെതിരായ വിദ്വേഷ ട്വീറ്റ്: അമിത് മാളവ്യക്കെതിരേ കേസെടുത്ത് കർണാടക പോലിസ്

ബംഗളൂരു: സമൂഹ മാധ്യമത്തിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്കെതിരേ വിദ്വേഷ പ്രചാരണം നടത്തിയ ബി.ജെ.പി ഐ.ടി സെൽ തലവൻ അമിത് മാളവ്യയ്ക്കെതിരേ ബംഗളൂരുവിൽ എഫ്.ഐ.ആർ. ബംഗളൂരു ഹൈഗ്രൗണ്ട് പോലിസാണ് മുൻ കോൺഗ്രസ് എം.എൽ.എയും പി.സി.സി കമ്മ്യൂണിക്കേഷൻ വിഭാഗം ഉപാധ്യക്ഷനുമായ രമേശ് ബാബുവിന്റെ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 'രാഗാ ഏക് മൊഹരാ' എന്ന പേരിൽ ടിറ്റർ അക്കൗണ്ട് വഴി വീഡിയോ രൂപത്തിലാണ് അമിത് മാളവ്യ



വിദ്വേഷ പ്രചാരണം നടത്തിയത്. രാഹുൽ ഗാന്ധി വിദേശത്തു പോയി ഇന്ത്യയ്ക്കെതിരേ സംസാരിച്ചുവെന്ന ആരോപണമായിരുന്നു ടിറ്റിന് ആധാരം.രാഹുൽ ഗാന്ധിയെ ഹിന്ദു വിരുദ്ധനായും ന്യൂനപക്ഷ പ്രേമിയായും ചിത്രീകരിക്കുന്ന വീഡിയോയിൽ അദ്ദേഹത്തെ രാജ്യവിരോധിയായാണ് അടയാളപ്പെടുത്തിയിരുക്കുന്നത്. ഇതിനെതിരേ നേരത്തെ തന്നെ കോൺഗ്രസ് രംഗത്ത് വന്നിരുന്നെങ്കിലും ടിറ്റ് പിൻവലിക്കാനോ മാപ്പ് പറയാനോ ബി.ജെ.പി തയ്യാറായിട്ടില്ല. ഇതോടെയാണ് കോൺഗ്രസ് ഭരണത്തിലുള്ള കർണാടകയിൽ കേസെടുത്തത്. കഴിഞ്ഞ ജൂൺ 17ന് ആയിരുന്നു അമിത് മാളവ്യ സ്വന്തം ടിറ്റർ ഹാന്റിലിൽ നിന്ന് വീഡിയോ പോസ്റ്റ് ചെയ്തത്. രാഹുൽ ഗാന്ധിക്കെതിരേ നിരവധി തവണ സമൂഹ മാധ്യമങ്ങളിലൂടെ വിദ്വേഷ ടിറ്റുകൾ പങ്കുവച്ചയാളാണ് അമിത് മാളവ്യ.

## കൺട്രോൾ ഓഫിസിന്റെ ഫ്യൂസ് ഊരി കെ.എസ്.ഇ.ബി

കൽപ്പറ്റ: മോട്ടോർ വാഹനവകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വൈദ്യുതി കെ.എസ്.ഇ.ബി വിച്ഛേദിച്ചു. കെട്ടിടത്തിന്റെ വൈദ്യുതി ബിൽ അടയ്ക്കുന്നതിൽ കാലതാമസം വരുത്തിയതിനാണ് നടപടി. എന്നാൽ ബില്ല് അടയ്ക്കാൻ വൈകിയാലും സർക്കാർ ഓഫിസുകളുടെ വൈദ്യുതി വിച്ഛേദിക്കുന്ന പതിവില്ലെന്ന് എം.വി.ഡി പറയുന്നു. കഴിഞ്ഞാഴ്ച കെ.എസ്.ഇ.ബിയുടെ ജീപ്പിൽ തോട്ടി കെട്ടിവെച്ച് പോയതിന് എ.ഐ ക്യാമറ പിഴയിട്ടിരുന്നു. ഇതിന് പിന്നാലെയാണ് മോട്ടോർ വാഹനവകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഫ്യൂസ് കെ.എസ്.ഇ.ബി ഊരിയത്. ജില്ലയിലെ എ.ഐ ക്യാമറകളുടെ പ്രവർത്തനം നിയന്ത്രിക്കുന്ന കെട്ടിടത്തിന്റെ വൈദ്യുതി ബന്ധമാണ് വിച്ഛേദിച്ചത്.

## വ്യാജരേഖ കേസ്: കെ. വിദ്യക്ക് കോടതി ഇടക്കാല ജാമ്യം അനുവദിച്ചു

കാസർകോട്: കരിന്തളം കോളജിൽ ഗസ്റ്റ് ലക്ചർ നിയമനത്തിനായി വ്യാജരേഖ ചമച്ച കേസിൽ കെ. വിദ്യക്ക് ഇടക്കാല ജാമ്യം അനുവദിച്ചു. ഹോസ്ദുർഗ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി രണ്ടാണ് ജാമ്യം അനുവദിച്ചത്. വിദ്യയെ കസ്റ്റഡിയിൽ വേണമെന്ന് നീലേശ്വരം പോലീസ് കോടതിയിൽ ആവശ്യപ്പെട്ടില്ല. അന്വേഷണവുമായി സഹകരിക്കുമെന്ന് വിദ്യയുടെ അഭിഭാഷകൻ അറിയിച്ചിരുന്നു. നേരത്തെ ചോദ്യം ചെയ്യലിന് നീലേശ്വരം പോലീസ് സ്റ്റേഷനിൽ ഹാജരായ വിദ്യയെ അറസ്റ്റ് ചെയ്യുകയായിരുന്നു. തുടർന്നാണ് കോടതിയിൽ ഹാജരാക്കിയത്. നാളെയും മറ്റന്നാളും അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ ഹാജരാകാനും വിദ്യയോട് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.



## നിഖിൽ തോമസിന് കേരള സർവകലാശാലയുടെ ആജീവനാന്ത വിലക്ക്

തിരുവനന്തപുരം: വ്യാജ ബിരുദ സർട്ടിഫിക്കറ്റ് നൽകി എം.കോം പ്രവേശനം നേടിയ നിഖിൽ തോമസിന് കേരള സർവകലാശാലയുടെ ആജീവനാന്ത വിലക്ക്. ചൊവ്വാഴ്ച ചേർന്ന സർവകലാശാല സിൻഡിക്കേറ്റാണ് നിഖിലിനെ ഡീബാർ ചെയ്യാൻ തീരുമാനിച്ചത്. ഇതോടെ കേരള സർവകലാശാലയിലും അഫിലിയേറ്റഡ് കോളേജുകളിലും നിഖിൽ തോമസിന് പഠിക്കാനാവില്ല. കായം കുളം എം.എസ്.എം കോളേജിലാണ് കലിംഗ സർവകലാശാലയുടെ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് നൽകി നിഖിൽ തോമസ് എം.കോമിന് അഡ്മിഷൻ നേടിയത്. ഈ വ്യാജ സർട്ടിഫിക്കറ്റും പ്രവേശനവുമായി ബന്ധപ്പെട്ട മറ്റ് രേഖകളും കോളേജ് ഐഡി കാർഡ്, ബാങ്ക് പാസ്ബുക്ക് ഉൾപ്പടെയുള്ള തെളിവുകൾ കഴിഞ്ഞദിവസം പോലിസ് പിടിച്ചെടുത്തിരുന്നു. അതേ സമയം നിഖിലിന് പ്രവേശനം നൽകിയത് സംബന്ധിച്ച് എം.എസ്.എം കോളേജ് നൽകിയ വിശദീകരണത്തിലും സർവകലാശാല സിൻഡിക്കേറ്റ് അതൃപ്തി രേഖപ്പെടുത്തി. നിഖിലിന്റെ അഡ്മിഷൻ സമയത്ത് കോളേജിന്റെ ചുമതലയുണ്ടായിരുന്നവരെ വിളിച്ചുവരുത്താനും സിൻഡിക്കേറ്റ് തീരുമാനിച്ചു. ഈ രീതിയിൽ വേറെയും വ്യാജൻമാർ കടന്നുകയറിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഒരു സെൽ രൂപീകരിക്കാനും സർവകലാശാല തീരുമാനിച്ചിട്ടുണ്ട്. മൂന്ന് വർഷത്തിനിടെ കേരളത്തിന് പുറത്ത് നിന്നുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിച്ച് കേരള സർവകലാശാലയിൽ അഡ്മിഷൻ എടുത്തവരുടെ രേഖകൾ പരിശോധന നടത്തും. അതേസമയം നിഖിൽ തോമസിനേയും വ്യാജ സർട്ടിഫിക്കറ്റെടുക്കാൻ സഹായിച്ച സുഹൃത്ത് അബിൻ രാജിനേയും സർട്ടിഫിക്കറ്റ് തരപ്പെടുത്തി നൽകിയ ഓറിയോൺ എജ്യു വിങ്സ് എന്ന സ്ഥാപനം പ്രവർത്തിച്ചിരുന്ന വീട്ടിലെത്തിച്ച് പോലിസ് തെളിവെടുപ്പ് നടത്തി. മാലിദ്വീപിൽ നിന്ന് തിരികെയെത്തിയ അബിൻ രാജിനെ തിങ്കളാഴ്ച രാത്രി നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ വച്ചാണ് പോലിസ് അറസ്റ്റ് ചെയ്തത്. കണ്ടല്ലൂർ സ്വദേശിയായ അബിൻരാജ് മാലദ്വീപിൽ അധ്യാപകനായിരുന്നു. നിഖിൽ തോമസിന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് അബിൻരാജിനെയും കേസിൽ പ്രതിയാക്കിയത്.




## താൻ പൂർണ ആരോഗ്യവാനാണ്; മരിച്ചെന്ന വാർത്തകളും പ്രചാരണങ്ങളും തള്ളി നടൻ ടി.എസ് രാജു

തിരുവനന്തപുരം: താൻ മരിച്ചെന്ന വാർത്തകളും സോഷ്യൽ മീഡിയ പ്രചാരണങ്ങളും തള്ളി സിനിമാ, നാടക, സീരിയൽ നടൻ ടി.എസ് രാജു. താൻ പൂർണ ആരോഗ്യവാനാണെന്നും തെറ്റിദ്ധാരണ കൊണ്ടാകാം ഇത്തരം പ്രചാരണങ്ങൾ നടക്കുന്നതെന്നും ടി.എസ് രാജു പറഞ്ഞു. ആദരാഞ്ജലികൾ അർപ്പിച്ച് പോസ്റ്റ് ഇട്ടതിൽ നടൻ അജു വർഗീസ് വിളിച്ച് മാപ്പ് പറഞ്ഞതായും ടി.എസ് രാജു അറിയിച്ചു. ചൊവ്വാഴ്ച രാവിലെ മുതലാണ് ടി.എസ് രാജു അന്തരിച്ചു എന്ന തരത്തിലുള്ള പോസ്റ്റുകൾ സോഷ്യൽ മീഡിയയിൽ പ്രത്യക്ഷപ്പെട്ടത്. തുടർന്ന് ചില ഓൺലൈൻ മാധ്യമങ്ങളും വാർത്ത നൽകി. വാർത്ത വ്യാജമാണെന്ന് കാണിച്ച് നടൻമാരായ കിഷോർ സത്യ, ദിനേശ് പണിക്കർ എന്നിവർ നേരത്തെ രംഗത്തു വന്നിരുന്നു.



## പിങ്ക് വാട്സാപ്പ് തട്ടിപ്പ് പെരുകുന്നു; മുന്നറിയിപ്പുമായി പോലിസ്

മുംബൈ: പിങ്ക് വാട്സാപ്പ് തട്ടിപ്പിനെ കുറിച്ചുള്ള മുന്നറിയിപ്പുമായി മുംബൈ പോലിസ്. പിങ്ക് നിറത്തിലുള്ള വാട്സപ്പിലേക്ക് അപ്ഡേറ്റ് വാഗ്ദാനം ചെയ്തെത്തുന്ന സന്ദേശത്തിൽ തുടങ്ങി ഫോൺ സൈബർ കുറ്റവാളികളുടെ നിയന്ത്രണത്തിലാക്കുന്ന സൈബറാക്രമണ ഭീഷണിയാണിത്. പിങ്ക് നിറത്തിലുള്ള വാട്സാപ്പിന്റെ പുതിയ വേർഷൻ അപ്ഡേറ്റ് വാഗ്ദാനം ചെയ്ത് വാട്സാപ്പിന്റെ ഒരു വ്യാജ ആപ്പ് ഇൻസ്റ്റാൾ ചെയ്യാൻ പ്രേരിപ്പിക്കുകയാണ് തട്ടിപ്പുകാർ. ബാങ്കിങ് വിവരങ്ങളും, കോൺടാക്ട് നമ്പറുകളും, മീഡിയാ ഫയലുകളുമെല്ലാം മോഷ്ടിക്കുകയാണ് ഈ തട്ടിപ്പിന്റെ ലക്ഷ്യം. സന്ദേശങ്ങൾക്കൊപ്പമുള്ള ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഫോണിലെ വിവരങ്ങൾ ചോർത്താനുള്ള സോഫ്റ്റ് വെയറുകൾ ഫോണിൽ ഡൗൺലോഡ് ചെയ്യപ്പെടും. ഇത് വലിയ വിവര ചോർച്ചയ്ക്ക് ഇടയാക്കും. അജ്ഞാത ഉറവിടങ്ങളിൽ നിന്ന് വരുന്ന സന്ദേശങ്ങൾക്കൊപ്പമുള്ള ലിങ്കുകളിൽ ക്ലിക്ക് ചെയ്യരുതെന്നാണ് മുംബൈ പോലിസ് നൽകുന്ന നിർദേശം. പ്ലേ സ്റ്റോർ, ആപ്പ് സ്റ്റോർ തുടങ്ങിയ വിശ്വസനീയമായ ഉറവിടങ്ങളിൽ നിന്നുള്ള ആപ്പുകൾ മാത്രം ഡൗൺലോഡ് ചെയ്യുക. ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഒ.ടി.പി എന്നിവ പങ്കുവെക്കാതിരിക്കുക. പിങ്ക് വാട്സാപ്പ് ആപ്പ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിൽ അത് ഉടൻ നീക്കം ചെയ്യണമെന്നും നിർദേശിക്കുന്നു.






## രാജ്യത്തുടനീളം തക്കാളി വില കുതിച്ചുയരുന്നു

തിരുവനന്തപുരം: ഒരു ദിവസം കൊണ്ട് ഇരട്ടിയിലധികം വർധിച്ച് തക്കാളി വില. കേരളത്തിൽ ഇന്ന് കിലോയ്ക്ക് 120 രൂപയാണ് വില. കിലോയ്ക്ക് 60 ഉള്ളതിൽ നിന്നാണ് ഒരു ദിവസം കൊണ്ട് 120 രൂപയിലെത്തിയിരിക്കുന്നത്. ചില്ലറ വില 125 രൂപ വരെയായി ഉയരാനും സാധ്യതയുണ്ട്. മൺസൂൺ മഴ ലഭിക്കാൻ വൈകിയതും ദുർബലമായ മഴയും തക്കാളി കൃഷിയെ സാരമായി ബാധിച്ചിരുന്നു. ഇതാണ് വിലവർധനവിന് കാരണം. കേരളത്തിന് പുറത്ത് പ്രധാന നഗരങ്ങളിലെല്ലാം തന്നെ തക്കാളിക്ക് സമാനമായ വിലവർധനവാണ് ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ മാസം കിലോയ്ക്ക് പത്ത് രൂപ മാത്രമുണ്ടായരുന്ന തക്കാളിക്ക് ഡൽഹിയിൽ കഴിഞ്ഞ മൂന്ന് ദിവസമായി വില 90 രൂപയിലധികമാണ്. കഴിഞ്ഞ വർഷം തക്കാളിയുടെ വിത്ത് ലഭ്യത കുറവായിരുന്നതും തക്കാളി ദൗർലഭ്യത്തിന് കാരണമായെന്നും പറയപ്പെടുന്നു. കഴിഞ്ഞ വർഷം സമാന കാലയളവിൽ തക്കാളിയുടെ ചില്ലറ വിപണി വില 50 രൂപ നിലവാരത്തിൽ മാത്രമായിരുന്നു.

## ജീവിതമൂല്യങ്ങൾ സംരക്ഷിക്കപ്പെടുന്നതായിരിക്കണം യഥാർഥ ലഹരി: ജസ്റ്റിസ് കെ.ടി നിസാർ അഹമ്മദ്

തലശ്ശേരി: ജീവിത വിജയം യാഥാർഥ്യമാക്കുന്നതിന് മൂല്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നും അതിനായിരിക്കണം വളർന്നുവരുന്ന യുവതീ- യുവാക്കളും വിദ്യാർഥി സമൂഹവും പ്രവർത്തിക്കേണ്ടതെന്നും ജസ്റ്റിസ് കെ.ടി നിസാർ അഹമ്മദ് പറഞ്ഞു. തലശ്ശേരി ഡിസ്ട്രിക്ട് കാൻസർ സെന്റർ, കണ്ണൂർ ഡിസ്ട്രിക്ട് കാൻസർ കൺട്രോൾ കൺസോർഷ്യം, കേരളാ എക്സൈസ് ഡിപ്പാർട്ട്മെന്റ്, തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി, തലശ്ശേരി വെറ്ററൻസ് സ്പോർട്സ് അസോസിയേഷൻ (ഫ്ളാഷ് ബാക്ക്), എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ, ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് തലശ്ശേരി സന്ദേശ് ഭവനിൽ ലഹരി വിരുദ്ധ പ്രചാരണ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോക പുകയില വിരുദ്ധ ദിനമായ മെയ് 31 മുതൽ ഒരു മാസക്കാലമായി സംഘടിപ്പിച്ചു വന്ന വിവിധപരിപാടികളിൽ വിജയിച്ചവർക്കുള്ള സമ്മാന വിതരണവും അദ്ദേഹം നിർവഹിച്ചു.

തലശ്ശേരി നഗരസഭാ ചെയർപേഴ്സൺ കെ.എം.ജമുനാ റാണി ടീച്ചർ മുഖ്യാതിഥിയായി. കണ്ണൂർ ഡിസ്ട്രിക്ട് കാൻസർ കൺട്രോൾ കൺസോർഷ്യം പ്രസിഡന്റ് പി.നാരായണൻ അദ്ധ്യക്ഷത വഹിച്ചു. വികാരി ജനറൽ ഫാദർ ആന്റണി മുതുകുന്നേൽ, സി.ഡബ്ല്യു.സി അംഗം ഫാദർ ബെന്നി നിരപ്പേൽ, ഹെൻറി ആന്റണി, മുഹമ്മദ് റാഫി ഫൗണ്ടേഷൻ സെക്രട്ടറി നാസ്സർ ലേമിർ, തലശ്ശേരി വികസന വേദി പ്രസിഡന്റ് കെ.വി ഗോകുൽദാസ്, എഴുത്തുകാരൻ പ്രേമാനന്ദ് ചമ്പാട്, കൺസോർഷ്യം സെക്രട്ടറി ടി.എം ദിലീപ് കുമാർ, മലബാർ കാൻസർ സെന്റർ കമ്മ്യൂണിറ്റി ഓങ്കോളജി ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. നീതു എന്നിവർ സംസാരിച്ചു. ഉത്തര മേഖലാ എക്സൈസ് മുൻ ജോയിന്റ് കമ്മീഷണറും മലബാർ കാൻസർ സെന്റർ വിജിലൻസ് ഓഫീസറുമായ പി.കെ സുരേഷ് സ്വാഗതവും കൺസോർഷ്യം ജനറൽ സെക്രട്ടറി മേജർ പി.ഗോവിന്ദൻ നന്ദിയും പറഞ്ഞു. വിവിധ സ്കൂളുകളിൽ നിന്നായി മുന്നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു. എൻ.ടി.ടി.എഫ്, ക്രൈസ്റ്റ് കോളേജ് വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ ലഹരി വിരുദ്ധ സന്ദേശങ്ങളടങ്ങിയ കലാപരിപാടികളും അരങ്ങേറി.




**ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് തലശ്ശേരി സന്ദേശ് ഭവനിൽ സംഘടിപ്പിച്ച ലഹരി വിരുദ്ധ പ്രചാരണ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ജസ്റ്റിസ് കെ.ടി നിസാർ അഹമ്മദ്**

## നിഹാലിന്റെ കുടുംബത്തിന് 10 ലക്ഷം രൂപ സർക്കാർ ധനസഹായം

കണ്ണൂർ: മുഴപ്പിലങ്ങാട് തെരുവ് നായ ആക്രമണത്തിൽ മരിച്ച നിഹാലിന്റെ കുടുംബത്തിന് സർക്കാർ 10 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. ഈ മാസം 11നാണ് നിഹാൽ തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ തസ്തിക നിർണയ പ്രകാരം 6043 അധിക തസ്തികകൾ സൃഷ്ടിക്കാനും മന്ത്രിസഭ അനുമതി നൽകി. 2326 സ്കൂളുകളിലാണ് 2022 ഒക്ടോബർ ഒന്ന് മുതലുള്ള പ്രാബല്യത്തിൽ തസ്തിക സൃഷ്ടിക്കുക. നെല്ല് സംഭരണം സംബന്ധിച്ച വിഷയങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങളെടുക്കുകയോ ശുപാർശകൾ സമർപ്പിക്കുകയോ ചെയ്യുന്നതിന് മന്ത്രിസഭ ഉപസമിതിയെ ചുമതലപ്പെടുത്തും. ധനകാര്യം, ഭക്ഷ്യ-പൊതുവിതരണം, കൃഷി, സഹകരണം വൈദ്യുതി വകുപ്പ് മന്ത്രിമാർ അടങ്ങുന്നതാണ് ഉപസമിതി.



## പെരുന്നാൾ കിറ്റ് വിതരണം നടത്തി

കക്കോടി: കക്കോടി മേഖല ശിഹാബ് തങ്ങൾ റിലീഫ് കമ്മിറ്റിയും ശിഹാബ് തങ്ങൾ വനിത സഹായ സംഘവും സംയുക്തമായി നടത്തിയ ബലി പെരുന്നാൾ കിറ്റ് വിതരണം ഹംസ എൻ.വി റോഡ് ഉദ്ഘാടനം ചെയ്തു.

ഉമ്മർ തിരൂർ, വി.വി ബാബു ജോസഫ് തൃശൂർ, കെ.പി സക്കീർ ഹുസൈൻ, അഹമ്മദ് കോയ കക്കോടി, ബുഷ്റ ജാബിർ, താഹിറ കുഞ്ഞഹമ്മദ്, കെ.പി ഷരീന,അമീർ കക്കോടി സംസാരിച്ചു. സംഘം സെക്രട്ടറി റീജ കക്കോടി സ്വാഗതവും എൻ.പി ഷാഹിദ നന്ദിയും പറഞ്ഞു.



# ആരോരുമില്ലാത്തവർക്ക് തുണയായി ബാബു പാറാൽ

**ചാലക്കര പുരുഷു**

തലശ്ശേരി: ആരോരുമില്ലാത്ത രണ്ട് വയോധികൻമാർക്ക് പ്രമുഖ ജീവ കാരുണ്യ പ്രവർത്തകനായ ബാബു പാറാൽ രക്ഷകനായി. റെയിൽവേ സ്റ്റേഷനിലും ടെംപിൾ ഗേറ്റിലും അലഞ്ഞ് നടന്ന രണ്ട് വയോധികർക്കാണ് പാറാൽ ബാബുവിന്റെ ഇടപെടലിലൂടെ പുതുജീവിതം ലഭിച്ചത്. പെരിന്തൽമണ്ണ സ്വദേശി മണികണ്ഠനെയും കോഴിക്കോട് സ്വദേശി ഷൺമുഖനെയുമാണ് ജീവിതത്തിലേക്ക് കൂട്ടി കൊണ്ടുവന്നത്. ഇരുവരെയും ജീവകാരുണ്യ പ്രവർത്തകനായ പാറാൽ ബാബു അശരണരുടെ ആലംബ കേന്ദ്രമായ പേരാവൂർ കൃപാലയത്തിലേക്ക് മാറ്റുകയായിരുന്നു. കഴിഞ്ഞ ദിവസമാണ് മണികണ്ഠൻ തലശ്ശേരി റെയിൽവേ സ്റ്റേഷനിലെത്തിയത്. ഇദ്ദേഹത്തിന് വലത് കാലില്ല. യാത്രക്കാരാണ് ആർ.പി.എഫിനെ വിവരമറിയിച്ചത്. ഭക്ഷണം ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകി. തുടർന്ന് പാറാൽ ബാബുവിനെ വിവരമറിയിക്കുകയായിരുന്നുവെന്ന് ആർ.പി.എഫ് ഹെഡ് കോൺസ്റ്റബിൾ വി.കെ ഷാജി പറഞ്ഞു.

15 വർഷമായി ടെംപിൾ ഗേറ്റ് ഭാഗത്ത് അലഞ്ഞുനടക്കുന്ന ഷൺമുഖൻ അവിടെയുള്ള ബസ് സ്റ്റോപ്പിൽ തന്നെയാണ് അന്തിയുറങ്ങുന്നതും. ദിവസവും പാറാൽ ബാബു ഭക്ഷണം നൽകും. കേൾവിക്കുറവുള്ള ഇദ്ദേഹം കോഴിക്കോട് സ്വദേശിയാണെന്ന് പറയുന്നുണ്ട്. രണ്ട് പേർക്കും ആവശ്യമായ സൗകര്യം കൃപാലയത്തിൽ ഒരുക്കിയിട്ടുണ്ടെന്ന് പാറാൽ ബാബു പറഞ്ഞു. വൈകിട്ടോടെയാണ് ഇരുവരെയും പേരാവൂരിലേക്ക് കൊണ്ടുപോയത്. ദശകങ്ങളായി നഗരത്തിലേയും പ്രാന്തപ്രദേശങ്ങളിലേയും പാർശ്വവൽക്കരിക്കപ്പെട്ട അനാഥർക്ക് മുടങ്ങാതെ ഭക്ഷണമെത്തിക്കുന്നത് ബാബുവാണ്. അനാഥരോഗികൾക്ക് ആശുപത്രികളിൽ കൂട്ടിരിക്കുന്നതും പതിവാണ്.

# നായ്ക്കളിലെ വന്ധ്യംകരണം: എ.ബി.സി ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേന്ദ്രത്തോട് ആവശ്യപ്പെടും: മന്ത്രി ജെ. ചിഞ്ചുറാണി

## തെരുവുനായ നിയന്ത്രണത്തിന് വളർത്തു നായ്ക്കൾക്കു ലൈസൻസും പെറ്റ് ഷോപ്പ്, നായപരിപാലന ചട്ടങ്ങൾ നിർബന്ധമാക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് നിലവിൽ റിപ്പോർട്ട് ചെയ്യുന്ന തെരുവുനായ അക്രമണങ്ങൾക്ക് അറുതി വരുത്താൻ എ.ബി.സി ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേന്ദ്രത്തോട് ആവശ്യപ്പെടുമെന്ന് മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. നിലവിലുള്ള കേന്ദ്ര എ.ബി.സി ചട്ടപ്രകാരം എ.ബി.സി സെന്ററിൽ നിയമിക്കപ്പെടുന്ന ഒരു വെറ്ററിനറി സർജൻ 2000 നായ്ക്കളെയെങ്കിലും വന്ധ്യംകരണം ചെയ്തിരിക്കണം, സമ്പൂർണ എയർ കണ്ടീഷൻ ചെയ്തിരിക്കണം തുടങ്ങിയ നിർദേശങ്ങൾ നടപ്പിലാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഉണ്ട്.

അതുകൊണ്ട് അത്തരം ചട്ടങ്ങളിൽ ഇളവ് അനുവദിച്ചാലേ എ.ബി.സി പ്രവർത്തനങ്ങൾ ശക്തമാക്കാൻ ആകൂവെന്നും മന്ത്രി പറഞ്ഞു. കൂടാതെ സംസ്ഥാനത്ത് വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കും. അതോടൊപ്പം പെറ്റ് ഷോപ് ചട്ടങ്ങളും നായ പരിപാലന ചട്ടങ്ങളും കർശനമാക്കാൻ നിർദേശം നൽകിയതായി മന്ത്രി പറഞ്ഞു. സംസ്ഥാന മൃഗക്ഷേമ ബോർഡിന്റെ മൂന്നാമത് യോഗതീരുമാനങ്ങൾ വിശദീകരിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.



സംസ്ഥാന മൃഗക്ഷേമ ബോർഡിന്റെ മൂന്നാമത് യോഗതീരുമാനങ്ങൾ വിശദീകരിച്ച് സംസാരിക്കുന്ന മന്ത്രി ജെ. ചിഞ്ചുറാണി

സംസ്ഥാനത്ത് തെരുവുനായ പ്രശ്നം രൂക്ഷമായ സാഹചര്യത്തിലാണ് മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ അടിയന്തരയോഗം ചേർന്നത്. 2022 സെപ്റ്റംബർ മുതൽ തെരുവുനായ്ക്കളിൽ ഇത് വരെ 33,363 തെരുവ് നായ്ക്കൾക്കു പേവിഷ പ്രതിരോധ വാക്സിനേഷൻ നൽകിയിട്ടുണ്ട്. ഇക്കാലയളവിൽ 4 .7 ലക്ഷം വളർത്തുനായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകി. ഇത് കൂടാതെ 2022 ഏപ്രിൽ മുതൽ 2023 മെയ് വരെയുള്ള കാലയളവിൽ 18, 852 തെരുവ് നായ്ക്കളിൽ എ.ബി.സി പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. മൃഗസംരക്ഷണ വകുപ്പ് ഡയരക്ടർ ഡോ. എ.കൗശിഗൻ ഐ.എ.എസ് സ്വാഗതം പറഞ്ഞ യോഗത്തിൽ ദേശീയ ജന്തുക്ഷേമ ബോർഡ് അംഗം ഡോ. പി.ബി. ഗിരിദാസ്, കേരള ജന്തുക്ഷേമ ബോർഡ് അംഗങ്ങളായ ഗീത നസീർ, ജി. കൃഷ്ണപ്രസാദ്, മരിയ ജേക്കബ്, ഇ.സി സതീശൻ, കെ.ടി അഗസ്റ്റിൻ, ഡോ. എം. ഷൈനു, മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയരക്ടർ ഡോ. കെ. സിന്ധു, കേരള വെറ്ററിനറി കൗൺസിൽ പ്രസിഡന്റ് ഡോ. വി.എം ഹാരിസ്, തുടങ്ങി വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു.

# നവീന കണ്ടുപിടിത്തങ്ങളിൽ ദേശീയ നേട്ടം; ആദ്യ 10 റാങ്കുകളിൽ എൻ.ഐ.ടി.സി

കോഴിക്കോട്: കൂട്ടായ പ്രവർത്തനങ്ങൾകൊണ്ടും നൂതന ആശയങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള മികച്ച പിന്തുണ കൊണ്ടും ദേശീയ ഇന്നൊവേഷൻ റാങ്കിങ്ങിൽ മികച്ച നേട്ടം കൈവരിച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട്. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക് (എൻ.ഐ.ആർ. എഫ്.) നടത്തിയ ദേശീയ തെരഞ്ഞെടുപ്പിലാണ് എൻ.ഐ.ടി കോഴിക്കോട് എട്ടാം സ്ഥാനം എന്ന അഭിമാനകരമായ നേട്ടം കൈവരിച്ചത്. രാജ്യത്തെ 31 എൻ.ഐ.ടികളിൽ ഇന്നൊവേഷൻ റാങ്കിംഗിൽ ആദ്യ പത്ത് സ്ഥാനങ്ങളിൽ ഇടംനേടിയ ഏക എൻ.ഐ.ടിയാണ് എൻ.ഐ.ടി കാലിക്കറ്റ്. കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് എൻ.ഐ.ടി.സിയുടെ മികച്ച റാങ്ക്. കണ്ടുപിടിത്തങ്ങളെ പ്രോത്സാഹിപ്പിക്കുന്ന എൻ.ഐ.ടി.സി അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നൂതന കണ്ടുപിടുത്തങ്ങൾക്കുള്ള 25 പേറ്റന്റുകളും അഞ്ച് ട്രേഡ് മാർക്കുകളും പകർപ്പവകാശ സർട്ടിഫിക്കേഷനുകളും നേടിയിട്ടുണ്ടെന്ന് എൻ.ഐ.ടി.സി ഡയരക്ടർ ഡോ.പ്രസാദ് കൃഷ്ണ പറഞ്ഞു.



വിദ്യാർഥികളുടെ നൂതന പദ്ധതികളുടെ പ്രദർശനത്തിനിടെ വിദ്യാർഥികളുമായി സംവദിക്കുന്ന എൻ.ഐ.ടി.സി ഡയരക്ടർ പ്രൊഫ.പ്രസാദ് കൃഷ്ണ, ഡെപ്യൂട്ടി ഡയരക്ടർ പ്രൊഫ.സതീദേവി പി.എസ്, പ്രൊഫ.അശോക്.എസ് (ചെയർമാൻ, സെന്റർ ഫോർ ഇന്നൊവേഷൻ,എന്റർപ്രണർഷിപ്പ് ആൻഡ് ഇൻകുബേഷൻ). (ഫയൽ ചിത്രം)

കാലയളവിൽ പൂർത്തിയാക്കിയ 14 സ്റ്റുഡന്റ് ഇന്നൊവേഷൻ പ്രോജക്ടുകൾക്കുള്ള പേറ്റന്റ് അപേക്ഷകളും സ്ഥാപനം സമർപ്പിച്ചിട്ടുണ്ട്. ഇവയെല്ലാം ഇന്നൊവേഷൻ റാങ്കിങ്ങിൽ മികച്ച സ്ഥാനം നേടാൻ സഹായകമായി അദ്ദേഹം പറഞ്ഞു. വിദ്യാർഥികളുടെ ഇന്നൊവേഷൻ പ്രോജക്ടുകൾ, അധ്യാപകരുടെ കണ്ടുപിടുത്തങ്ങൾ, ഗവേഷണ സംരംഭങ്ങൾ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ, കാമ്പസിലെ ടെക്നോളജി ബിസിനസ് ഇൻക്യൂബേഷൻ (ടി.ബി.ഐ) സൗകര്യം എന്നിവ പരിഗണിച്ചാണ് എൻ.ഐ.ടി.സി.ക്ക് എട്ടാം റാങ്ക് നൽകിയത്.



'കെ.ഗോപാലൻ അനുസ്മരണ സമ്മേളനം' ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ജില്ലാ റിട്ട. സെഷൻസ് ജഡ്ജ് കൃഷ്ണൻകുട്ടി പയമ്പ്ര

# 'കെ.ഗോപാലൻ അനുസ്മരണം' നടത്തി

കോഴിക്കോട്: ഓർഗനൈസേഷൻസ് ഓഫ് സ്മോൾ ന്യൂസ് പേപ്പേഴ്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സോഷ്യലിസ്റ്റ് നേതാവും മുൻ എം.പിയും മുതിർന്ന മാധ്യമ പ്രവർത്തകനുമായിരുന്ന 'കെ.ഗോപാലൻ' അനുസ്മരണ സമ്മേളനം നടത്തി. യൂത്ത് സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന അനുസ്മരണ സമ്മേളനം ജില്ലാ റിട്ട. സെഷൻസ് ജഡ്ജ് കൃഷ്ണൻകുട്ടി പയമ്പ്ര ഉദ്ഘാടനം ചെയ്തു. സ്വാതന്ത്ര്യം ലഭിച്ച് 75 വർഷം പിന്നിട്ടിട്ടും അസമത്വം നിലനിൽക്കുകയാണെന്നും നീതി ലഭ്യമാവുന്നതിൽ പോലും സാമ്പത്തിക ഘടകങ്ങൾ തടസ്സം സൃഷ്ടിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മാധ്യമപ്രവർത്തകർ നിർഭയരായി അനീതിക്കെതിരേ തൂലിക ചലിപ്പിക്കണമെന്നും അഴിമതിക്കും സ്വജനപക്ഷപാതത്തിനുമെതിരേ പോരാടണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രസിഡന്റ് രാമദാസ് വേങ്ങേരി അധ്യക്ഷത വഹിച്ചു. പീപ്പിൾസ് റിവ്യൂ ചീഫ് എഡിറ്റർ പി.ടി നിസാർ, ജീവനകാരുണ്യ പ്രവർത്തകൻ ടി.എ സലാം, സാമൂഹ്യപ്രവർത്തക സിൻസി സുധീപ്, ഒ.എസ്.എൻ.എസ് സെക്രട്ടറി ടി.എം സത്യജിത്ത് പണിക്കർ, ഒ.എസ്.എൻ.എസ് ട്രഷറർ സംഗീത് ചേവായൂർ, എം. വിനയൻ, ശ്രീകല വിജയൻ എന്നിവർ സംസാരിച്ചു. തുടർന്ന് നിർധന വിദ്യാർഥികൾക്കുള്ള പഠനോപകരണങ്ങളുടെ വിതരണവും നടത്തി.



കേരള സ്റ്റേറ്റ് സംഘടിത തൊഴിലാളി കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വയനാട് റോഡ് കെ.എസ്.ആർ.ടി.സി ഗ്യാരേജിന് സമീപം വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടി രൂപപ്പെട്ട ഗർത്തത്തിനു മുകളിൽ റീത്തു വച്ചപ്പോൾ

# റോഡിൽ ഗർത്തം; റീത്ത് വച്ച് പ്രതിഷേധിച്ചു

കോഴിക്കോട്: വയനാട് റോഡ് കെ.എസ്.ആർ.ടി.സി ഗ്യാരേജിന് സമീപം വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടി ഗർത്തം രൂപപ്പെട്ടിട്ട് ഒരു മാസക്കാലത്തിൽ അധികമായിട്ടും നന്നാക്കാത്തതിൽ പ്രതിഷേധിച്ച് കേരള സ്റ്റേറ്റ് സംഘടിത തൊഴിലാളി കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ സമരവും ഗർത്തത്തിനു മുകളിൽ റീത്തും വെച്ചു. രാവിലെയും വൈകുന്നേരവും വൻ ഗതാഗത കുരുക്ക് ഈ പ്രദേശത്ത് ഉണ്ടായിട്ടും നിരവധി ഇരുചക്രവാഹനയാത്രക്കാർ ഈ ഗർത്തത്തിൽ വീണ് പരുക്കേറ്റിട്ടും നിഷേധാത്മക നിലപാട് സ്വീകരിക്കുന്ന വാട്ടർ അതോറിറ്റി അധികാരികൾക്ക് എതിരേയാണ് സമരം നടത്തിയത്. ജില്ലാ പ്രസിഡന്റ് ജോയ് പ്രസാദ് പുളിക്കൽ അധ്യക്ഷത വഹിച്ചു. കൗൺസിലർ ഡോ. അൽഫോൻസാ മാത്യു ഉദ്ഘാടനം ചെയ്തു. ജില്ലാ ജനറൽ സെക്രട്ടറി പി.കെ ചോയി മുഖ്യപ്രഭാഷണം നടത്തി. ശശിധരൻ സുരഭി, അശോകൻ കിഴക്കേയിൽ, അനിൽ തലക്കളത്തൂർ, രാധാകൃഷ്ണൻ പെരുമണ്ണ, സുഭാഷിണി കക്കോടി, കെ.സി കൃഷ്ണവേണി, ഇ. ബാലൻ എന്നിവർ സംസാരിച്ചു.

# വിദേശ മലയാളികളെ സംരക്ഷിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകണം: കണ്ണൂർ മേയർ ടി.ഒ മോഹനൻ

കണ്ണൂർ: സമ്പദ്ഘടനയെ സാമൂഹിക പരിവർത്തനം നടത്തി നമ്മുടെ രാജ്യത്തിന്റേയും കേരള സംസ്ഥാനത്തിന്റേയും വികസനങ്ങൾക്ക് സേവനം ചെയ്തവരാണ് പ്രവാസി സമൂഹമെന്ന് പ്രവാസി പെൻഷൻ ഹോൾഡേഴ്സ് അസ്സോസിയേഷൻ കണ്ണൂർ ജില്ലാ രൂപീകരണ കൺവെൻഷൻ ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് മേയർ അഡ്വ.ടി.ഒ. മോഹനൻ അഭിപ്രായപ്പെട്ടു. വർത്തമാന കാലത്തിന്റെ വികസനം സ്ഥായിയായി നിലനിൽക്കുന്നത് പ്രവാസികളുടെ അധ്വാനഫലമാണെന്ന് പ്രവാസികളുടെ സംരക്ഷണവും ജീവിത സുരക്ഷിതവും ഉറപ്പാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്ന് മേയർ കൂട്ടിച്ചേർത്തു. കണ്ണൂർ നോർത്ത് ചേംബർ ഹാളിൽ നടന്ന കൺവൻഷനിൽ വി. രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. എയ്റോസീസ് ഏവിയേഷൻ മാനേജ്മെന്റ് കോളേജ് മാനേജിംഗ് ഡയരക്ടർ ഡോ.കെ.പി. ഷാഹുൽ ഹമീദ്, ഓർഗനൈസേഷൻ ചെയർമാൻ പ്രവാസി ബന്ധു ഡോ. എസ്. അഹമ്മദ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി. കെ.എൻ.എ അമീർ, കെ.പി രാജൻ നമ്പ്യാർ, പി.എസ്. മോഹനൻ, രാജേഷ് കിണറ്റിൻകര, വളപ്പിൽ സലാം, ഗംഗാധരൻ വണ്ണാരത്ത്, ഷാഹുൽ അഴിക്കോട്, ലിജി റോഷൻ , അഹമ്മദ് പള്ളിയാളി എന്നിവർ സംസാരിച്ചു. ടി. നാരായണൻ സ്വാഗതവും ഷൈനി രാജീവും നന്ദിയും പറഞ്ഞു. ഗൾഫിൽ നിന്നും മടങ്ങിയെത്തിയ ഷൈനി രാജീവിന്റെ മകളുടെ വിദ്യാഭ്യാസ ചിലവ് അസോസിയേഷൻ ഏറ്റെടുത്തതായി സംസ്ഥാന ചെയർമാൻ പ്രവാസി ബന്ധു ഡോ. എസ്. അഹമ്മദ് പ്രഖ്യാപിക്കുകയും ആദ്യ ഗഡു മേയർ നൽകുകയും ചെയ്തു. പുതിയ ജില്ലാ ഭാരവാഹികളായി വി.രാമചന്ദ്രൻ (പ്രസിഡന്റ്), ടി. നാരായണൻ, ഷൈനി രാജീവ് (വൈസ് പ്രസിഡന്റുമാർ), കെ.പി രാജൻ നമ്പ്യാർ (ജനറൽ സെക്രട്ടറി), ഷാഹുൽ, അഴിക്കോട്, ഗംഗാധരൻ വണ്ണാരത്ത്, ടി.കെ ലത്തീഫ് (സെക്രട്ടറിമാർ), പി.എസ് മോഹൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.




ഷൈനി രാജീവിന്റെ മകളുടെ വിദ്യാഭ്യാസ ചിലവിലേക്കുള്ള ആദ്യഗഡു മയർ ടി.ഒ മോഹനൻ കൈമാറുന്നു

# സാഫ് കപ്പ്; കുവൈത്തിനെതിരേ ഇന്ത്യയ്ക്ക് സമനില, വിനയായത് സെൽഫ് ഗോൾ



## ആറ് ഏജൻസികൾ ടൈറ്റൻ അപകടം അന്വേഷിക്കും; മാതൃകപ്പലിലെ ശബ്ദരേഖകളും ഡാറ്റയും പരിശോധനയ്ക്ക്

ന്യൂയോർക്ക്: ടൈറ്റാനിക് കാണാൻ കടലിനടിയിലേക്ക് പോയി ദുരന്തത്തിൽപ്പെട്ട ടൈറൻ സമുദ്രപേടകത്തിന്റെ അപകടത്തെ കുറിച്ച് അന്വേഷണത്തിനായി ആറ് ഏജൻസികൾ അന്വേഷിക്കും. കനേഡിയൻ അന്വേഷണ ഏജൻസി, അമേരിക്കൻ കോസ്റ്റ് ഗാർഡ്, യു.എസ് നാഷണൽ ട്രാൻസ്പോർട്ടേഷൻ സേഫ്റ്റി ബോർഡ്, ഫ്രഞ്ച് മറൈൻ കാഷ്വാലിറ്റി ഇൻവെസ്റ്റിഗേഷൻ ബോർഡ്, യുണൈറ്റഡ് കിംഗ്ഡം മറൈൻ ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് എന്നീ ഏജൻസികളാണ് അന്വേഷിക്കുക. ടൈറ്റൻ സമുദ്രപേടകം അപകടത്തിൽ പെട്ട് അഞ്ച് പേർ മരിച്ച സംഭവത്തിൽ അന്വേഷണത്തിനായി മാതൃകപ്പലിൽ നിന്നുള്ള ശബ്ദരേഖകളും മറ്റു വിവരങ്ങളും പരിശോധിക്കും. കനേഡിയൻ അന്വേഷണ ഏജൻസിയാണ് വിവരങ്ങൾ പരിശോധിക്കുക. ഇതിനായി കപ്പലിന്റെ വോയേജ് ഡാറ്റ റെക്കോർഡറിൽ നിന്നടക്കം ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു. അന്വേഷണത്തിന്റെ ഭാഗമായി കപ്പലിൽ വച്ച് തന്നെ ക്രൂവിന്റെയും കുടുംബാംഗങ്ങളുടെയും മൊഴികൾ രേഖപ്പെടുത്തിയിട്ടുണ്ട്. വിഷയത്തിൽ അമേരിക്കൻ കോസ്റ്റ് ഗാർഡും അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. അന്വേഷണത്തിനായി ഒരു മറൈൻ ബോർഡ് രുപീകരിച്ചിട്ടുണ്ടെന്ന് യു.എസ് കോസ്റ്റ് ഗാർഡ് ചീഫ് ഇൻവെസ്റ്റിഗേറ്റർ ക്യാപ്റ്റൻ ജേസൺ ന്യൂബവർ പറഞ്ഞു. കോസ്റ്റ് ഗാർഡിന്റെ ഏറ്റവും ഉയർന്ന തലത്തിലുള്ള അന്വേഷണമാണ് ഇത്. അറ്റ്ലാന്റിക് സമുദ്രത്തിൽ നിന്ന് ലഭിച്ചിട്ടുള്ള അവശിഷ്ടങ്ങളിലും ബന്ധപ്പെട്ടവരുമായുള്ള അഭിമുഖങ്ങളിലുമാണ് അന്വേഷണത്തിന്റെ അദ്യ ഘട്ടത്തിൽ ശ്രദ്ധയൂന്നുക. ആവശ്യമെങ്കിൽ സാക്ഷികളിൽ നിന്ന് കൂടുതൽ മൊഴി രേഖപ്പെടുത്തും. അതിനുശേഷം തെളിവുകളും നിഗമനങ്ങളും ശുപാർശകളും സഹിതം റിപ്പോർട്ട് നൽകും.അപകടത്തിന്റെ കാരണം കണ്ടെത്തലാണ് അന്വേഷണത്തിന്റെ പ്രാഥമിക ലക്ഷ്യം. തുടർ നടപടികൾ എങ്ങനെ സ്വീകരിക്കണമെന്ന് അന്വേഷണത്തിന് ശേഷം തീരുമാനിക്കും. ടൈറ്റന്റെ ഘടന സംബന്ധിച്ചും സുരക്ഷാ സംവിധാനങ്ങളിൽ വീഴ്ച സംബന്ധിച്ചും വ്യാപക വിമർശനം ഉയരുന്നതിനിടെയാണ് വിവിധ ഏജൻസികളുടെ അന്വേഷണം നടക്കുന്നത്. അതേസമയം തകർന്ന ടൈറ്റന്റെ കൂടുതൽ ഭാഗങ്ങൾ കണ്ടെടുക്കാനുള്ള ശ്രമങ്ങൾ അറ്റ്ലാന്റിക് സമുദ്രത്തിൽ തുടരുകയാണ്.

ബെംഗളൂരു: സാഫ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കുവൈത്തിനെതിരേ സമനില വഴങ്ങി ഇന്ത്യ. അവസാന ഗ്രൂപ്പ് മത്സരത്തിലാണ് ഇന്ത്യ വിജയം കൈവിട്ടത്. നിശ്ചിത സമയത്ത് ഒരുഗോളിന് മുന്നിലായിരുന്ന ഇന്ത്യയ്ക്ക് വിനയായത് ഒരു സെൽഫ് ഗോളാണ്. ക്യാപ്റ്റൻ സുനിൽ ഛേത്രിയാണ് ഇന്ത്യയ്ക്ക് വേണ്ടി ഗോൾ നേടിയത്. എന്നാൽ ഇൻജുറി ടൈമിൽ അൻവർ അലി വഴങ്ങിയ സെൽഫ് ഗോളിലാണ് കുവൈത്ത് സമനില പിടിച്ചത്. തുടർച്ചയായ എട്ടു മത്സരങ്ങളിൽ ഗോൾ വഴങ്ങാതെയുള്ള ഇന്ത്യൻ മുന്നേറ്റം ഈ മത്സരത്തോടെ തടയപ്പെട്ടു.

പാകിസ്താൻ, നേപ്പാൾ ടീമുകളെ പരാജയപ്പെടുത്തിയ ഇന്ത്യയും കുവൈത്തും നേരത്തെ തന്നെ സെമി ഉറപ്പാക്കിയിരുന്നു. ഇന്ത്യയ്ക്കും കുവൈത്തിനും ഏഴ് പോയിന്റ് വീതമുണ്ട്. എന്നാൽ ഗോളുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഏഴ് ഗോള് നേടിയ ഇന്ത്യ മറികടന്ന് എട്ട് ഗോളുകൾ നേടിയ കുവൈത്ത് ഗ്രൂപ്പ് ചാമ്പ്യന്മാരായി. ഇതോടെ സെമിയിൽ ബി ഗ്രൂപ്പിലെ രണ്ടാം സ്ഥാനക്കാരാകും കുവൈത്തിന്റെ എതിരാളികൾ. ഇന്ത്യയ്ക്ക് ബി ഗ്രൂപ്പിലെ ഒന്നാം സ്ഥാനക്കാരെ സെമിയിൽ നേരിടേണ്ടതായി വരും. അതേസമയം പാകിസ്താനെതിരേ പന്ത് പിടിച്ചെടു



കുവൈത്തിനെതിരേ ഗോൾ നേടിയ ഇന്ത്യൻ ക്യാപ്റ്റൻ സുനിൽ ഛേത്രിക്കൊപ്പം ആഹ്ലാദം പങ്കിടുന്ന സഹകളിക്കാർ

ത്ത് സംഘർഷമുണ്ടാക്കിയതിന് ഒരു മത്സരത്തിൽ വിലക്കുനേരിട്ട ഇന്ത്യൻ പരിശീലകൻ ഇഗോർ സ്റ്റിമാച്ച് കുവൈത്തിനെതിരായ മത്സരത്തിലും ചുവപ്പുകാർഡ് കണ്ട് പുറത്തായി. 62ാം മിനിറ്റിൽ സ്റ്റീമാച്ച് വീണ്ടും പന്ത് പിടിച്ചെടുത്തു. ഇതിന് റഫറി മഞ്ഞക്കാർഡുയർത്തി. പിന്നീട് 81ാം മിനിറ്റിൽ മാച്ച് ഓഫീഷ്യൽസിനെതിരേ പരാതിപ്പെട്ടതിനെ തുടർന്ന് 81-ാം മിനിറ്റിൽ അദ്ദേഹത്തിന് ചുവപ്പുകാർഡും കിട്ടി. ഇതിന് പിന്നാലെ ഇരു ടീമംഗങ്ങൾ തമ്മിൽ വാക്കേറ്റമുണ്ടാവുകയും ഇതിനിടെ സഹൽ അബ്ദുൾ സമദിനെ തള്ളിയിട്ടതിന് കുവൈത്ത് താരം അൽ ഖലാഫും അതിനെ പ്രതിരോധിച്ച റഹീം അലിയും ചുവപ്പ് കാർഡ് കണ്ട് പുറത്തായി. പന്നീട് 10 പേരുമായി ഇരു ടീമുകളും മത്സരം തുടർന്നു. പന്നീട് ഇൻജുറി ടൈമിൽ അൽ ബ്ലൗഷിയുടെ ക്രോസ് തടയാൻ ശ്രമിച്ച അൻവർ അലി കാലിൽ തട്ടി ഗതിമാറിയ പന്ത് സ്വന്തം പോസ്റ്റിൽ കയറിയതോടെ കുവൈത്തിന് സമനില പിടിക്കാനായി.

## റോട്ടറി ഇന്റർനാഷണൽ 3204 അവാർഡ്

# കാലിക്കറ്റ് സൈബർ സിറ്റി മികച്ച ക്ലബ്, മികച്ച പ്രസിഡന്റ് അബ്ദുൽ ജലീൽ ഇടത്തിൽ

കോഴിക്കോട്: കാസർകോട്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകൾ ഉൾപ്പെട്ട റോട്ടറി ഇന്റർനാഷണൽ ഡിസ്ട്രിക്ട് 3204ൽ നിന്നും ഒരു വർഷത്തെ സേവന പ്രവർത്തനങ്ങൾ വിലയിരുത്തി മികച്ച ക്ലബിനുള്ള അവാർഡ് റോട്ടറി കാലിക്കറ്റ് സൈബർ സിറ്റിയും മികച്ച പ്രസിഡന്റിനുള്ള അവാർഡ് ജലീൽ ഇടത്തിലും അർഹനായി. സൈബർ സിറ്റിയുടെ അംഗമായ എം.എം ഷാജിയെ ഔട്ട് സ്റ്റാന്റിംഗ് അസിസ്റ്റന്റ് ഗവർണറായി തിരഞ്ഞെടുത്തു. റോട്ടറി ഇന്റർനാഷണൽ ഡിസ്ട്രിക്ട് -3204 2022-23 അവാർഡ് ദാന ചടങ്ങിൽ ഡിസ്ട്രിക്ട് ഗവർണർ പ്രമോദ് വി.വി നായനാരിൽ നിന്നും മികച്ച ക്ലബിനും മികച്ച പ്രസിഡന്റിനുമുള്ള അവാർഡ് ജലീൽ ഇടത്തിലും ഏറ്റുവാങ്ങി. മിംസ് ഹോസ്പിറ്റലുമായി ചേർന്നുള്ള സ്കിൻ ബാങ്ക് പദ്ധതിയിലെ പങ്കാളിത്തം, നിർധനർക്ക് വീട് നിർമ്മിച്ച് നൽകുന്ന സ്നേഹവീട്, മൂവാറ്റുപുഴ പാർപ്പിടം പദ്ധതി, നിർധന രോഗികൾക്ക് വേണ്ടി തണൽ ഡയാലിസിസ് സെന്ററിന് ഡയാലിസിസ് മെഷിൻ കൈമാറൽ, ജി ടെകിന്റെ സഹകരണത്തോടെ വുമൺ പവർ 1000 വനിതകൾക്ക് കംപ്യൂട്ടർ പഠനവും തൊഴിലും നൽകൽ, ഗവ. ബീച്ച് ഹോസ്പിറ്റൽ ഗാർഡനിങ്, കോളനിയിൽ താമസിക്കുന്ന നിർധനർക്ക് കമ്മ്യൂണിറ്റി കിണർ പദ്ധതി തുടങ്ങിയ സൈബർ സിറ്റിയുടെ 125ഓളം പ്രവർത്തനങ്ങളാണ് മികച്ച ക്ലബ്, മികച്ച പ്രസിഡന്റ് എന്നീ അവാർഡുകൾക്ക് പരിഗണിച്ചത്. റോട്ടറി ഡിസ്ട്രിക്ട് അവാർഡ് ചെയർമാൻ ഡോ. എം. വിനോദ് കുമാറിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് 78 ക്ലബുകളിൽ നിന്നും അവാർഡിന് അർഹരായവരെ കണ്ടെത്തിയത്. 2009ൽ ചാർട്ടർ പ്രസിഡന്റ് ടി.സി അഹമ്മദും, ചാർട്ടർ സെക്രട്ടറി സന്നാഫ് പാലക്കണ്ടിയും ചേർന്ന കമ്മിറ്റിയാണ് സൈബർ സിറ്റി രൂപീകരിച്ചത്. ഒൻപതാമത് പ്രസിഡന്റായാണ് അബ്ദുൽ ജലീൽ ഇടത്തിൽ 2022-2023 ൽ ചുമതലയേൽക്കുന്നത്. മെറാൾഡ ജുവൽസ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയരക്ടറായ ജലീൽ ഇടത്തിൽ, മേപ്പയൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ഗണിത ശാസ്ത്ര അധ്യാപകനായിരുന്നു. ഭാര്യ: ഷറീന ജലീൽ. മക്കൾ :ഷെൽജ ജലീൽ, ജസീൽ മുഹമ്മദ്.




റോട്ടറി ഇന്റർനാഷണൽ ഡിസ്ട്രിക്ട് -3204 2022-23 അവാർഡ് ദാന ചടങ്ങിൽ ഡിസ്ട്രിക്ട് ഗവർണർ പ്രമോദ് വി.വി നായനാരിൽ നിന്നും മികച്ച ക്ലബിനും മികച്ച പ്രസിഡന്റിനുമുള്ള അവാർഡ് ജലീൽ ഇടത്തിൽ ഏറ്റുവാങ്ങുന്നു




രാഷ്ട്രീയ ജനതാദൾ സംഘടിപ്പിച്ച ജന ജാഗ്രത സദസ് കോട്ടയം പ്രസ് ക്ലബ് ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ആർ.ജെ.ഡി ജനറൽ സെക്രട്ടറി അനു ചാക്കോ

## മണിപ്പൂരിൽ നടക്കുന്ന കലാപവും കൂട്ട കൊലപാതകങ്ങൾക്കും പിന്നിൽ സംഘപരിവാർ ശക്തികൾ: അനു ചാക്കോ

കോട്ടയം: മണിപ്പൂരിൽ നടക്കുന്ന കലാപവും കൂട്ട കൊലപാതകങ്ങൾക്കും പിന്നിൽ സംഘപരിവാർ ശക്തികളണെന്ന് രാഷ്ട്രീയ ജനതാദൾ അഖിലേന്ത്യ ജനറൽ സെക്രട്ടറി അനു ചാക്കോ. ഇന്ത്യയിൽ വിവിധ സ്ഥലങ്ങളിലായി മതന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരേയുള്ള അതിക്രമങ്ങൾ അതിഗുരുതരമായി തുടരുകയാണെന്നും, 300ലധികം ജനങ്ങളെ കൊലപാതകം ചെയ്ത കലാപത്തിന്റെ പേരിൽ മണിപ്പൂർ സർക്കാരിനെ അടിയന്തരമായി പുറത്താക്കണമെന്ന് അനു ചാക്കോ ആവശ്യപ്പെട്ടു.

രാഷ്ട്രീയ ജനതാദൾ സംഘടിപ്പിച്ച ജന ജാഗ്രത സദസ്സ് കോട്ടയം പ്രസ് ക്ലബ് ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അനു ചാക്കോ. രാഷ്ട്രീയ ജനതാദൾ സംസ്ഥാന വൈസ് പ്രസിഡണ്ട് കെ.ടി ജോസഫ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

കോൺഗ്രസ് സംസ്കാര സാഹിതി സംസ്ഥാന ജനറൽ കൺവീനർ എൻ.വി പ്രദീപ കുമാർ, കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് അഡ്വ: പി.പി ജോസഫ്, ആർ.ജെ.ഡി പാർലമെന്ററി ബോർഡ് ചെയർമാൻ ഡോ. ജോർജ് ജോസഫ്, ആർ.ജെ.ഡി സംസ്ഥാന സംഘടന ജനറൽ സെക്രട്ടറി ബിനു പഴയചിറ, ആർ.ജെ.ഡി സംസ്ഥാന ജനറൽ സെക്രട്ടറി മേടയിൽ അനിൽകുമാർ, ആർ.ജെ.ഡി സംസ്ഥാന സെക്രട്ടറിമാരായ ബിറ്റാജ് ജോസഫ്, എൻ.ഒ കുട്ടപ്പൻ, മധു ചെമ്പുമുഴി, ആർ.ജെ.ഡി കോട്ടയം ജില്ലാ പ്രസിഡന്റ് മാന്നാനം സുരേഷ്, ആർ.ജെ.ഡി പത്തനംതിട്ട ജില്ലാ പ്രസിഡന്റ് ജോമോൻ ജോസഫ്, രാഷ്ട്രീയ കിസാൻ ജനതാദൾ സംസ്ഥാന പ്രസിഡന്റ് ടോമി ജോസഫ്, രാഷ്ട്രീയ യുവ ജനതാദൾ സംസ്ഥാന വൈസ് പ്രസിഡന്റ് പ്രിയൻ ആന്റണി, രാഷ്ട്രീയ മഹിളാ ജനതാദൾ ജില്ലാ പ്രസിഡന്റ് ജിഷ വി. നായർ, ആർ.ജെ.ഡി കോട്ടയം ജില്ലാ ജനറൽ സെക്രട്ടറി അനിൽ കുമാർ മുലക്കുന്നേൽ എന്നിവർ സംസാരിച്ചു.




കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വനിതാ കമ്മിഷൻ സിറ്റിംഗിൽ കമ്മീഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി പരാതികൾ കേൾക്കുന്നു

# സമൂഹനന്മയ്ക്കുതകുന്ന നൂതനാശയങ്ങൾ യുവതലമുറയിൽ നിന്നുണ്ടാകണം: മന്ത്രി എ.കെ ശശീന്ദ്രൻ



കോഴിക്കോട്: സമൂഹനന്മയ്ക്കുതകുന്ന രീതിയിലുള്ള നൂതനാശയങ്ങൾ യുവതലമുറയിൽ നിന്ന് ഉണ്ടാകണമെന്ന് വനം വന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ. കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ.ഡിസ്ക്) യങ് ഇന്നൊവേഷൻ പരിപാടിയായ ഐഡിയ ഫെസ്റ്റ് -2023 ചേളന്നൂർ ശ്രീനാരായണ ഗുരു കോളേജിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി വികസിപ്പിച്ചെടുക്കുക എന്നത് കാലം ആവശ്യപ്പെടുന്ന ദൗത്യമാണ്. ആ ദൗത്യം ധൈര്യപൂർവ്വം ഏറ്റെടുത്താണ് കേരള സർക്കാർ കെ.ഡിസ്കിന് രൂപം നൽകിയത് എന്നും അദ്ദേഹം പറഞ്ഞു. ചേളന്നൂർ ശ്രീനാരായണ ഗുരു കോളേജ് വൈ.ഐ.പി ക്ലബ്ബുമായി ചേർന്നാണ് എലത്തൂർ നിയോജക മണ്ഡലതല പരിപാടി സംഘടിപ്പിച്ചത്. യുവജനങ്ങളിൽ നൂതനാശയ വികസന പാടവം പ്രോത്സാഹിപ്പിക്കുകയാണ് യങ് ഇന്നൊവേഷൻ പരിപാടിയിലൂടെ കെ. ഡിസ്ക് ലക്ഷ്യമിടുന്നത്. 21 വിഷയങ്ങളിലായാണ് വിദ്യാർത്ഥികൾ ആശയങ്ങൾ പങ്കുവെച്ചത്. ചേളന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി നൗഷീർ അധ്യക്ഷത വഹിച്ചു. കെ.ഡിസ്ക് ജില്ലാ ഓഫീസർ അനുമരിയ സി.ജെ ആശയ അവതരണം നടത്തി. ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ കവിത പി.കെ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു. കോളേജ് പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. സി.ആർ സന്തോഷ് സ്വാഗതവും വൈ.ഐ.പി കോ-ഓർഡിനേറ്റർ ധന്യകൃഷ്ണ നന്ദിയും പറഞ്ഞു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.